# സിംപോസ്യം

വിഷയം:

## കോളേജ് വിദ്യാഭ്യാസം ഫലപ്രദമാക്കുന്നതിൽ വിദ്യാർത്ഥികൾക്കുള്ള പങ്ക്

*പങ്കെടുക്കുന്നവർ:*

അബ്ദു; കോട്ടൂർ, III-B.Sc.

പി. കെ. ഗോവിന്ദൻകുട്ടി, II-B. Com.

റഹിം; മേച്ചിരി, II-B.A.

കെ. പി. കുഞ്ഞിമുഹമ്മദ്, I-B.A.

ടി. വി. ബാലൻ, I-B.A.

കെ. വി. അബ്ദുൾ റഫീഖ്, I-B.A.

അബ്ദു; കൊട്ടൂർ, III-B. Sc.

കോളേജുവിദ്യാഭ്യാസംകൊണ്ടു യഥാർത്ഥത്തിൽ സാധിക്കേണ്ടതെന്താണ് എന്നുള്ളതിനെപ്പറ്റി വിചിന്തനം ചെയ്തിട്ടുവേണമല്ലോ, അതു് ഫലപ്രദമാക്കുന്നതിൽ വിദ്യാർത്ഥികളുടെ പങ്കിനെപ്പറ്റി ചർച്ചചെയ്യാൻ. കലാലയവിദ്യാഭ്യാസംകൊണ്ടു വിദ്യാർത്ഥിസമൂഹത്തിന്റെ മനഃസ്സംസ്കരണമാണ് പ്രഥമമായും ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതു്. രണ്ടാമതായി വിജ്ഞാനസമ്പാദനത്തിന്റെ നേർക്ക് അതിയായ ആകർഷണം, അവരുടെ ഹൃദയങ്ങളിൽ ഉൽഭൂതമാക്കുക എന്നതായിരിക്കണം അതിൻെറ ലക്ഷ്യം. ഇത്യാദി ലക്ഷ്യങ്ങൾ സാക്ഷാല്ക്കരിക്കാൻ കഴിയാത്ത കലാലയ ജീവിതം വെറും പാഴ്‌വേലയാണെന്നേ പറയേണ്ടൂ.

ഉപര്യുക്തലക്ഷ്യങ്ങളുൾക്കൊള്ളുന്ന കോളേജുവിദ്യാഭ്യാസം ഫലപ്രദമാക്കുന്നതിൽ വിദ്യാർത്ഥിവർഗ്ഗത്തിന്ന് പ്രധാനമായ ഒരു പങ്കുണ്ടു്. ക്ലാസ്സുമുറികളിൽവെച്ചുള്ള സൌഹൃദത്തിൽ ഊട്ടിയെടുത്ത ഒരു ഗുരുശിഷ്യബന്ധമാണ് ഇതിന്റെയെല്ലാം മുന്നോടി. അനാവശ്യമായ കുഴപ്പങ്ങളും അനാശാസ്യമായ അസ്വാസ്ഥ്യങ്ങളും ഒഴിവാക്കുമ്പോളാണ് അദ്ധ്യാപക-വിദ്യാർത്ഥിവർഗ്ഗങ്ങൾ തമ്മിൽ ആരോഗ്യകരമായ ഒരു പരസ്പരധാരണയിൽ എത്തിച്ചേരുന്നതു്. വിദ്യാർത്ഥികൾ തങ്ങളുടെ ലക്ഷ്യങ്ങൾ പ്രാപിക്കാൻ ഒരുമ്പെടുമ്പോൾ മാത്രമാണ്, അവരിൽ ഉത്തരവാദിത്വബോധം തലപൊക്കുന്നതു്. ലക്ഷ്യപ്രാപ്തി ദൃഢമൂലമാകണമെങ്കിൽ, തങ്ങളുടെ ജീവിതായോധനത്തിലെ കൈപ്പേറിയ യാഥാർത്ഥ്യങ്ങളെപ്പററി അവർ ബോധവാന്മാരാകണം. ഇങ്ങനെ, അവരെ ബോധവാന്മാരാക്കുന്ന മഹത്തരമെങ്കിലും കനത്ത ജോലിയാണ്, യഥാർത്ഥത്തിൽ അദ്ധ്യാപകവൃന്ദത്തിനു് നിറവേറ്റുവാനുള്ളതു്.

പാഠ്യപദ്ധതിയനുസരിച്ചു്, അദ്ധ്യാപകരുടെ സഹായം തേടി, വിവിധ പാഠ്യവിഷയങ്ങൾ അന്നന്നുതന്നെ പഠിച്ചുതീർക്കുകയാണ് വിദ്യാർത്ഥികളുടെ കടമ. ഉത്തരവാദിത്വബോധത്തിൽനിന്നുള്ള ചുമട്ടു നടത്താൻ കഴിഞ്ഞാൽ മാത്രമെ ഇങ്ങനെ ചെയ്യാൻ കഴിയൂ. അദ്ധ്യാപകർക്ക് സഹായിക്കാൻ കഴിയുന്ന ഒരതിർത്തിയുണ്ടു്. അതുവരെ അവരുടെ സഹായം തേടിയും, പിന്നീടുള്ളതു് സ്വയംഭൂവായ ക്ഷമ കൈമുതലാക്കിയും നേടിയെടുക്കേണ്ടതു് വിദ്യാർത്ഥികളുടെ കടമയാണ്

കലാലയങ്ങളിലെ കലാ-സാംസ്കാരിക രംഗങ്ങളിൽ, വിദ്യാർത്ഥിസമൂഹത്തിന്ന് ഒട്ടും അപ്രധാനമല്ലാത്ത ഒരു പങ്കുണ്ടു്. തങ്ങളുടെ സർഗ്ഗശക്തിയെ ശരിക്കും ഉന്നംതെറ്റാതെ പ്രായോഗികമാക്കേണ്ടതു് ഇവിടെയാണ്. തന്റെ കഴിവിൽ പരിപൂർണ്ണമായും വിശ്വാസമർപ്പിച്ചു് കലാഭംഗിയോടെ അതു് രംഗത്തു് പ്രദർശിപ്പിക്കേണ്ടതു് ഓരോ വിദ്യാർത്ഥിയുടേയും ഒഴിച്ചുകൂടാൻ പാടില്ലാത്ത കടമയാണ്. ലജ്ജയും മിഥ്യാഭിമാനവുംകൊണ്ടു്, ആ താരുണ്യമാർന്ന സർഗ്ഗാത്മകപ്രവാഹം നിലച്ചു്, വറ്റിവരണ്ടുപോകരുതു്. തങ്ങൾ ഈ ലോകസംസ്കാരത്തിന്റെ പുരോഗതിയിൽ ഒരു അവഗണിക്കാനാവാത്ത കണ്ണിയാണെന്നും, അതു പൊട്ടിപ്പോയാൽ സാംസ്കാരികോന്നമനത്തിന്ന് ഉലച്ചിൽ തട്ടുകയാണ് അനന്തരഫലമെന്നും, ഓരോ വിദ്യാർത്ഥിയും ഗൌരവപൂർവ്വം ചിന്തിക്കേണ്ടതു് ഇങ്ങനെയുള്ള പുരോഗതിക്ക് അവശ്യം ആവശ്യമാണ്.

വിശാലവേദിയിൽ വ്യക്തിത്വം പ്രദർശിപ്പിച്ച ശാസ്ത്രജ്ഞന്മാരും കലാകാരന്മാരും, വിദ്യാർത്ഥികളുടെ വിജ്ഞാനതൃഷ്ണയെയും സാംസ്കാരികബോധത്തെയും തട്ടിയുണർത്തണം. ഇങ്ങനെ, അവർക്ക് ആവേശം പകർന്നുകൊടുക്കുന്നതിൽ അദ്ധ്യാപകർ അത്യന്തം ഉത്സുകരായിരിക്കണം. അപ്പോൾ നമ്മുടെ ലൈബ്രറികളിൽ വിദ്യാർത്ഥികളുടെ അംഗസംഖ്യ വർദ്ധി

ക്കുന്നതായി കാണാം. തങ്ങൾ ഈ വിശാല സാഗരത്തിലെ ഒരു തുള്ളി മാത്രമായാൽപോരാ എന്നു സ്വയം ബോധ്യപ്പെടുമ്പോൾ മാത്രമാണ്, വിദ്യാർത്ഥികൾക്കു് ലൈബ്രറിയോടും വായനശാലയോടും പ്രതിപത്തി വർദ്ധിക്കുന്നതു്.

കായികവിനോദരംഗങ്ങളിൽ അതീവ തല്പരരായിരിക്കണം വിദ്യാർത്ഥിസമൂഹം. അവ കായികവും ആരോഗ്യകരവുമായ വളർച്ചക്കും ബുദ്ധിക്കൂർമ്മയുടെ തെളിവിനും അഭ്യുന്നതിക്കും ഒരു മുതൽക്കൂട്ടായി, ഗണിക്കപ്പെടേണ്ടവയാണ്. മാനസികരോഗം, ഭീരുത്വം മുതലായവ ഈ വക രംഗങ്ങളിൽനിന്നു് മുഖം തിരിച്ചാൽ വന്നെത്താവുന്ന ഭവിഷ്യത്തുകളാണെന്നു് വിദ്യാർത്ഥികൾ മനസ്സിലാക്കണം. രാഷ്ട്രത്തിന്റെ ആരോഗ്യകരമായ നിലനില്പിന്നും അഭിവൃദ്ധിക്കും ഈ രംഗം കൂടുതൽ പ്രാധാന്യമർഹിക്കുന്നുണ്ടു്. എൻ. സി. സി, സ്കൗട്ട്സ് മുതലായവയിൽ സജീവമായി പങ്കെടുത്തു്, രാഷ്ട്രശക്തിക്കു് ഊട്ടം പാവുമേകുന്നതിൽ വിദ്യാർത്ഥികൾക്കു് അനല്പമായ പങ്കുണ്ടു്.

ചർച്ചചെയ്യപ്പെടേണ്ട മറ്റൊരു വശം സ്വഭാവസംസ്കരണമാണ്. കലാലയ വിദ്യാഭ്യാസത്തിൽ വിഭിന്നസ്വഭാവക്കാരായ യുവാക്കൾ ഒത്തുചേരുന്നു. പലപ്പോഴും പല പരിതഃസ്ഥിതികളും അസഹ്യമായിത്തോന്നുക കാരണം, തമ്മിൽത്തമ്മിൽ സ്വഭാവസംഘട്ടനങ്ങളും നടക്കാനിടവരുന്നു. എന്നാൽ അവർക്കിടയിൽ രഞ്ജിപ്പിലെത്താനുള്ള ഒരു പോം വഴി വിട്ടുവീഴ്ചാമനോഭാവം മാത്രമാണ്. ഓരോ വശങ്ങളെ മേന്മ പുലർത്തുന്നവയാണെന്നു് സ്വയം കല്പിക്കാതെ, മറ്റുള്ളവരുടേതിനോട് താരതമ്യപ്പെടുത്തി വിമർശനബുദ്ധ്യാ വിലയിരുത്തി, കൊള്ളേണ്ടവ കൊള്ളുകയും തള്ളേണ്ടവ തള്ളുകയും ചെയ്യേണ്ടതാണ്. ഐക്യബോധമുൾക്കൊണ്ടാൽ മാത്രമെ, വിദ്യാർത്ഥികൾക്കു് തങ്ങളുടെ ലക്ഷ്യം സുഗമമായി പ്രാപിക്കാൻ സാധ്യമാവു. ബുദ്ധിപരമായ വൈവിദ്ധ്യങ്ങൾ അസൂയയ്ക്കോ അഹങ്കാരത്തിന്നോ ഇടംനല്കാതെ പൊതുവായ നന്മക്കുപകരിക്കേണ്ടതാണ്.

സുപ്രധാനമായ, വിദ്യാഭ്യാസം ഫലപ്രദമാക്കുന്നതിൽ സഹായകമായ, മറ്റൊരു വസ്തുത, വിദ്യാർത്ഥികൾ ഒരു കാര്യവും അന്ധമായി വിശ്വസിക്കരുതു് എന്നതാണ്. എന്തിന്നു് വൃത്തിയായി വസ്ത്രധാരണംചെയ്യണം, എന്തിനു് സംസ്കാരം കൈക്കൊള്ളണം, എന്തിനു് സംഘടിക്കണം, എന്തിനു് മറ്റുള്ളവരുടെ ചില ആകർഷണീയ സ്വഭാവവൈശിഷ്ട്യങ്ങൾ താൻ പകർത്തിയെടുക്കണം എന്നിത്യാദി കാര്യങ്ങൾ, മുൻ ധാരണകൂടാതെ വിമർശനബുദ്ധ്യാ പരിചിന്തിക്കേണ്ടതു് വിദ്യാർത്ഥികളുടെ പ്രഥമധർമ്മമാണ്. അപ്പോൾ മാത്രമെ അവർക്കു് ശാസ്ത്രബുദ്ധിയും, സ്വതന്ത്രചിന്താശീലവും കൈവരികയുള്ളൂ; തെറ്റു തെറ്റാണെന്നും ശരി ശരിയാണെന്നും വ്യക്തമായി ജനമദ്ധ്യേ, ഉച്ചൈസ്തരം വെട്ടിത്തുറന്നു പറയാനുള്ള മനഃക്കരുത്തു് കൈവരികയുള്ളൂ; യുഗയുഗാന്തരങ്ങളായി സാധുമനുഷ്യവർഗ്ഗത്തെ മഥിച്ചുകൊണ്ടിരിക്കുന്ന, ഒട്ടേറെ മാനസികരോഗങ്ങൾക്കു് വഴിവെക്കുന്ന, അന്ധവിശ്വാസങ്ങളുടെ ശൃംഖലകൾ, ശാസ്ത്രത്തിന്റെയും യുക്തിചിന്തയുടേയും പൊൻപ്രഭയിൽ ഒന്നല്ലാതാക്കിത്തീർക്കാൻ അവർക്കു കഴിയുകയുള്ളൂ. അപ്പോൾമാത്രമേ പിൻതുടരുന്ന തലമുറ ബുദ്ധിശക്തിയുടെ പ്രതീകങ്ങളായി പരിലസിക്കുകയുള്ളൂ.

ഈ രംഗത്തിൽ ഒരു കാര്യംകൂടി പ്രസ്താവിക്കട്ടെ. സ്വതന്ത്രചിന്തയുടെ മറ്റൊരു അനന്തരഫലം, വിദ്യാർത്ഥിസമൂഹത്തിന്റെ ഉല്പതിഷ്ണുപുരോഗമനാശയങ്ങൾക്കു് വിനാശകരമായി ഭവിക്കുന്ന രാഷ്ട്രീയത്തിന്റെ നാശമാണ്. തെരുവുരാഷ്ട്രീയക്കാർ വിദ്യാർത്ഥിസംഘടനകളെ കൂട്ടുപിടിച്ചു് കലാലയാന്തരീക്ഷം മലിനമാക്കിത്തീർക്കുന്നു. എന്നാൽ സ്വതന്ത്രചിന്തകരായ വിദ്യാർത്ഥികൾ അങ്ങിനെയുള്ള സംഘടനകളുടെ നേട്ടങ്ങളും കോട്ടങ്ങളും, കൊള്ളരുതായ്മയും കണ്ടെത്തും; തന്നെയുമല്ല അവയുടെ ഓരോ ചലനവും സസൂക്ഷ്മം വിലയിരുത്തുകയും ചെയ്യും. ഇങ്ങനെ സ്വതന്ത്ര ചിന്താശീലരായ വിദ്യാർത്ഥികളിൽ ഒരേ ലക്ഷ്യബോധവും, മനഃസ്ഥിതിയും, സാംസ്കാരികവിദ്യാർത്ഥികൾക്കെല്ലാംകൂടി ഒരേഒരു സംഘടന രൂപീകൃതമാകും—സ്വതന്ത്രചിന്താശീലരുടെ ഒരു കലാലയസംഘടന!

മേൽ പ്രസ്താവിച്ചവിധം വിദ്യാർത്ഥികൾ ഐക്യബോധത്തോടെ തങ്ങളുടെ കർത്തവ്യം നിറവേറുമ്പോൾ മാത്രമാണ്, കോളേജുവിദ്യാഭ്യാസം ഫലപ്രദമായി കലാശിക്കുക

പി. കെ ഗോവിന്ദൻകുട്ടി, *II-B.Com.*

നമ്മുടെ നാട്ടിൽ കോളേജ് വിദ്യാഭ്യാസം നേടാനുള്ള സൗകര്യങ്ങൾ ഈ അടുത്തകാലംവരെ പരിമിതമായിരുന്നു. പ്രാഥമിക വിദ്യാഭ്യാസംപോലും ലഭിക്കാത്ത നിരവധി പേരുണ്ടായിരുന്നു നമ്മുടെ നാട്ടിൽ. ഇക്കാലത്ത് ഉന്നത വിദ്യാഭ്യാസത്തിനു പോലും വലിയ ബുദ്ധിമുട്ടൊന്നുമില്ല. എങ്കിലും കോളേജ് വിദ്യാഭ്യാസത്തിന്റെ നേട്ടമെന്ത്, ലക്ഷ്യമെന്ത് എന്നൊന്നുമറിയാത്ത നിരവധിപേരുണ്ട് നമ്മുടെയിടയിൽ. ഇവയെല്ലാമറിയുന്ന അല്പംചിലർതന്നെ വ്യത്യസ്ത മനോഭാവികളാണുതാനും. രക്ഷിതാക്കളുടെ നിർബ്ബന്ധമോ, കോളേജ് വിദ്യാഭ്യാസം ഭാവിയിൽ ഒരു തൊഴിൽ ലഭിക്കാൻ സഹായമാകുമെന്ന മിഥ്യാ ധാരണയോ, കോളേജ് ജീവിതത്തിന്റെ മാധുര്യം കേട്ടറിഞ്ഞ് അതാസ്വദിക്കാം എന്ന ചിന്തയോ നിമിത്തമാണ് ഒരു വലിയ വിഭാഗം വിദ്യാർത്ഥികളും കോളേജുകളിൽ ചേരുന്നത്. ഇങ്ങിനെയുള്ള ഭൂരിപക്ഷം വിദ്യാർത്ഥികളുടേയും പഠനം പരീക്ഷക്കു മുൻപുള്ള അല്പംചില ദിവസങ്ങളാണ്. എന്തുകൊണ്ടെന്നാൽ പരീക്ഷ എങ്ങിനെയെങ്കിലും പാസ്സാകുക എന്നതാണ് ഇക്കൂട്ടരുടെ അക്കാലത്തെ ചിന്താഗതി. ഇങ്ങിനെയുള്ള വിദ്യാർത്ഥികളുടെ അറിവ് പരിമിതമാകുന്നതിൽ അത്ഭുതത്തിനവകാശമില്ല. ഇക്കൂട്ടരിൽ കലാശാലാ വിദ്യാഭ്യാസം ഫലപ്രദമായിട്ടില്ലെന്ന പൊതുജനാഭിപ്രായം ശരിയാണെന്ന് നാം സംശയിക്കേണ്ടിയിരിക്കുന്നു. പ്രായോഗിക ജീവിതത്തിൽ ഉപകാരപ്രദമാകേണ്ടതാണ് വിദ്യാഭ്യാസം എന്ന് വിദ്യാർത്ഥികൾ മനസ്സിലാക്കേണ്ടിയിരിക്കുന്നു. തങ്ങൾ പഠിക്കുന്ന വിഷയം മാത്രം പഠിച്ച്, അതിലും പരിമിതമായ അറിവ്നേടി കലാശാലകൾക്ക് പുറത്തു കടക്കുന്ന വിദ്യാർത്ഥികൾക്ക് ജീവിതത്തിന്റെ വിവിധ വശങ്ങളെ നേരിടാൻ അല്പം ബുദ്ധിമുട്ടാനിടയാകാം. അതിനാൽ കഴിയുന്നത്ര അറിവ്, പരീക്ഷയെ അഭിമുഖീകരിക്കുക എന്ന ലക്ഷ്യത്തിൽ കൂടുതലായി, സമ്പാദിക്കാൻ ഓരോ വിദ്യാർത്ഥിയും ശ്രമിക്കണം. ഇതിലേക്കായി വായനാശീലവും അദ്ധ്യാപക വിദ്യാർത്ഥിബന്ധവും വളർത്താൻ ശ്രമിക്കണം.

ഓരോ വിദ്യാർത്ഥിയും താൻ പഠിക്കുന്ന കലാലയത്തെയും വിദ്യ പകർന്നുതരുന്ന അദ്ധ്യാപകരെയും വളരെയധികം ബഹുമാനിക്കേണ്ടിയിരിക്കുന്നു. തങ്ങളുടെ വിദ്യാഭ്യാസ സ്ഥാപനത്തിന്റെ പുരോഗതിക്കും സൽപേരിനും വേണ്ടി എന്തു ത്യാഗവും സഹിക്കാൻ ഓരോ വിദ്യാർത്ഥിയും തയ്യാറായിരിക്കണം. കലാലയങ്ങളും മററു പൊതു മുതലുകളും നശിപ്പിക്കാനുള്ള വിദ്യാർത്ഥികളുടെ ചിന്താഗതി തികച്ചും ഉപേക്ഷിക്കണം. നേതൃത്വത്തിനുവേണ്ടിയോ, അധികാരികളുടെ ശ്രദ്ധയാകർഷിക്കുന്നതിനുവേണ്ടിയോ ആയിരിക്കാം ഇവരീ നശീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നത്. അതെന്തായാലും നശിപ്പിക്കുന്നത് സ്വന്തം സാമഗ്രികളാണെന്നും നഷ്ടപ്പെടുന്നത് തങ്ങളുടെ നാട്ടിനാണെന്നുമുള്ള ഒരു ചിന്താഗതി ഇവരിൽ വളർന്നുവരേണ്ടിയിരിക്കുന്നു.

രാഷ്ട്രീയ പ്രവർത്തനങ്ങളിൽ ഇടപെടുന്ന നിരവധി വിദ്യാർത്ഥികളുണ്ട് നമുക്കുചുറ്റും. വിദ്യാർത്ഥികൾ തമ്മിൽ വഴക്കുകൂടുന്നതു ഇന്ന് സർവ്വസാധാരണമായിട്ടുണ്ട്. വ്യത്യസ്ത രാഷ്ട്രീയ പാർട്ടികളിൽപെട്ട വിദ്യാർത്ഥികൾ പലപ്പോഴും തങ്ങളുടെ വിദ്യാർത്ഥിജീവിതത്തെ ഇതിനായി ഉഴിഞ്ഞുവെക്കാറുണ്ട്. അതെന്തായാലും തങ്ങളുടെ പല അവകാശങ്ങളും ന്യായമായവയാണെങ്കിലും, അവരെ നിയന്ത്രിക്കുന്ന രാഷ്ട്രീയപാർട്ടിയുടെ നയത്തിനനുസരിച്ച് അവ നേടാൻ മിനക്കെടാതെ രാഷ്ട്രീയ പാർട്ടികളുടെ അഭിപ്രായത്തിനനുസരിച്ച് അവ

നേടാൻ മിനക്കെടാതെ രാഷ്ട്രീയ പാർട്ടികളുടെ അഭിപ്രായത്തിനനുസരിച്ച് അത്യാവശ്യമായ പല കാര്യങ്ങൾക്കും സമരംചെയ്യുന്ന വിദ്യാർത്ഥികൾ ഇന്ന് നിരവധിയാണ്. രാഷ്ട്രീയ പാർട്ടികളെപ്പററി ശരിക്കും മനസ്സിലാക്കേണ്ടതു് ആവശ്യമാണ്. പക്ഷെ അവരുടെ പഠനകാലത്തു് രാഷ്ട്രീയ പ്രവർത്തനങ്ങളിൽ ഏർപ്പെടരുതെന്നാണ് എന്റെ അഭിപ്രായം. രാഷ്ട്രീയ പ്രവർത്തനങ്ങളിൽ നിർബ്ബന്ധിതമായി ഏർപ്പെടേണ്ടിവന്നാലും കലാശാലകളുടെ ചുമരുകൾക്കുള്ളിലേക്ക് അതു് കടത്തിവിട്ട് ആ അന്തരീക്ഷം മലീമസപ്പെടുത്താൻ ശ്രമിക്കരുതു്.

കലാലയവിദ്യാർത്ഥികളുടെ ചിലവ് ഭാരിച്ചതാണെന്ന അഭിപ്രായമാണ് മിക്ക രക്ഷിതാക്കളുടെയും. നമ്മുടെ നാട്ടിൽ പലരും ഈ ഭാരിച്ച ചിലവ്കൊണ്ടാണ് പഠിക്കാതിരിക്കുന്നതു്. അനാവശ്യമായ കാര്യങ്ങൾക്കുവേണ്ടി നിരവധി പണം ചിലവഴിക്കുന്ന വിദ്യാർത്ഥികൾ ഈ അവസ്ഥയെപ്പറ്റി ചിന്തിക്കേണ്ടതാണ്. കഴിയുന്നതും ഒരു ലഘു ജീവിതം നയിക്കാൻ ഇവർ ശ്രമിക്കണം. സമ്പാദ്യത്തിനുള്ള ചിന്തയും ഇവരിൽ വളരണം. ഇവർ ഒന്നൊരുമിച്ച് സാമ്പത്തിക പരാധീനതയുള്ളവരും പഠിക്കാൻ പ്രിയമുള്ളവരുമായ വിദ്യാർത്ഥികളെ സഹായിക്കുവാനും മുന്നോട്ടു വരേണ്ടിയിരിക്കുന്നു.

ഇങ്ങിനെ രാജ്യത്തിന്റെ പുനർനിർമ്മാണത്തിൽ വലിയൊരു പങ്ക് വഹിക്കാൻ സാധിക്കുന്നവരായിരിക്കണം കലാലയ വിദ്യാർത്ഥികൾ. ഇവർ നാട്ടിലെ മററു ജനങ്ങൾക്ക് മാർഗ്ഗദർശനം നല്കാൻ ഉപകരിക്കത്തക്ക ഒരു ജീവിതം നയിക്കണം. വിദ്യാഭ്യാസത്തിനുവേണ്ടി ചിലവഴിക്കുന്ന വിലയേറിയ സമയവും, രക്ഷിതാക്കളും സർക്കാരും ചിലവഴിക്കുന്ന പണവും വേണ്ടവിധം ഉപയോഗപ്പെടുത്താമെന്ന് നാമെല്ലാവരും പ്രതിജ്ഞയെടുക്കേണ്ടിയിരിക്കുന്നു. നമ്മുടെ സംരംഭം വിജയിക്കാൻ അദ്ധ്യാപകരും, രക്ഷിതാക്കളും, പൊതുജനങ്ങളും വേണ്ടതു ചെയ്യുമെന്നും, ഈ അടുത്ത ഭാവിയിൽതന്നെ വിദ്യാഭ്യാസത്തെപ്പററി പൊതുജനങ്ങളിലുള്ള അഭിപ്രായം മാറുമെന്നും നമുക്ക് പ്രതീക്ഷിക്കാം.

iii

*റഹിം; മേച്ചേരി, II-B.A.*

വിദ്യാഭ്യാസരംഗത്തു് വിദ്യാർത്ഥിക്കുള്ള സ്ഥാനം, വൈകിയാണെങ്കിലും അംഗീകരിച്ചുതരാൻ സമൂഹം സന്നദ്ധമായിരിക്കുന്നതു് ഒരു നല്ല തുടക്കമാണ്. വിദ്യാർത്ഥിയെ കൂടുതൽ ഉത്തരവാദിത്വമേല്പിക്കുകയും, അവ നിർവ്വഹിക്കാനുള്ള സമ്പൂർണ്ണസ്വാതന്ത്ര്യം അവന്നു് നല്കുകയും ചെയ്യേണ്ടതാണ്. ഈ രംഗത്തു് ധീരമായ ഒരു കാൽവെപ്പ് നടത്തിയ കേരള ഗവർമ്മേണ്ടിനെ പ്രശംസിക്കാതിരിക്കാൻ വയ്യ.

കലാലയത്തിന്റെ നാല് ചുമരുകൾക്കുള്ളിൽ വിദ്യാർത്ഥിയുടെ ചിന്താസ്വാതന്ത്ര്യത്തെ അടച്ചുപൂട്ടിയിടുന്ന, വെറും പുസ്തകങ്ങളുടെ അടിമകളാക്കി വിദ്യാർത്ഥിയെ മാററുന്ന, മുഷിപ്പൻ ലക്ചറുകളും, അറുമുഷിപ്പൻ നോട്ടുകളും കൊണ്ടു കെട്ടിവരിഞ്ഞുനിറുത്തുന്ന ഈ പ്രക്രിയയല്ല, ചലനമില്ലാത്ത ഈ സമ്പ്രദായമല്ല കലാലയവിദ്യാഭ്യാസംകൊണ്ടു ഞാനുദ്ദേശിക്കുന്നതു്. ഇന്നത്തെ സമ്പ്രദായം പറ്റേ മാറ്റേണ്ടതുണ്ട്. പറ്റിയ 'അങ്ങാടി നോട്ടുകൾ' കാശിനുവാങ്ങി ആൻസർ പേപ്പററിലൂടെ ഛർദ്ദിക്കുകയാണല്ലോ ഇന്നത്തെ "ഉത്തമ വിദ്യാഭ്യാസം".

എന്റെ ഭാവനയിലുള്ള ഉത്തമ വിദ്യാർത്ഥി വെറും പുസ്തകപ്പുഴുവല്ല. ഉത്തരവാദിത്വമുള്ള ഒരു കലാലയവിദ്യാർത്ഥി പഠിക്കുന്ന കാര്യത്തെ

കുറിച്ചു വളരെയേറെ ചിന്തിക്കുന്നവനാണ്. അതിനാവേണ്ടി ചർച്ചകളും, സെമിനാറുകളും സിംപോസിയങ്ങളും സംഘടിപ്പിക്കുകയും, അവയിലൂടെ പാഠ്യവിഷയങ്ങളുടെ വിവിധ വശങ്ങൾ പൂർണ്ണമായും മനസ്സിലാക്കാൻ സാധിക്കുകയും വേണം. ഒരന്വേഷണമനോഭാവവും, നിരീക്ഷണാത്മകമായ മനഃസ്ഥിതിയും, ഗവേഷണവാഞ്ഛയും വിദ്യാർത്ഥിയിലങ്കുരിപ്പിക്കാൻ വിദ്യാഭ്യാസപ്രക്രിയക്ക് സാധിക്കണം. അവിടെയാണ് ഉത്തമവിദ്യാഭ്യാസത്തിന്റെ ലക്ഷ്യം കുടികൊള്ളുന്നത്. അവിടെയാണ് ഉത്തരവാദിത്വബോധമുള്ള ഒരു വിദ്യാർത്ഥിക്ക് വിദ്യാഭ്യാസരംഗത്ത് വഹിക്കാനുള്ള പങ്കുള്ളത്. ദൌർഭാഗ്യകരമെന്നുപറയട്ടെ അത്തരമൊരു സമ്പ്രദായം വാർത്തെടുക്കാൻ നമുക്ക് സാധിച്ചിട്ടില്ല.

പഠനകാര്യങ്ങളെപ്പോലെ പാഠ്യേതര പ്രവർത്തനങ്ങൾക്കും തുല്യപ്രാധാന്യം കല്പിക്കണം. ഒരു വിദ്യാർത്ഥിയുടെ അഭിരുചിയനുസരിച്ച് വിഷയം പഠിക്കാനുള്ള സൗകര്യം വിദ്യാഭ്യാസരംഗത്തുണ്ടാവണം. പഠിക്കാൻ ഒരു വിദ്യാർത്ഥിക്കുള്ള കഴിവ് എപ്രകാരം അംഗീകരിക്കപ്പെടുന്നോ അതേ രീതിയിൽ കലയിലും സാഹിത്യത്തിലും മറ്റേതു വിദ്യാർത്ഥികളുള്ള കഴിവും അംഗീകരിക്കപ്പെടണം. എഴുതാനും, പ്രസംഗിക്കാനും, ചിത്രം വരക്കാനും, അഭിനയിക്കാനുമുള്ള കഴിവുള്ള വിദ്യാർത്ഥികളെ പ്രസ്തുത രംഗങ്ങളിലുയർത്തിയെടുക്കാൻ കലാശാലകൾക്ക് കഴിയണം. കോളേജ് യൂനിയനുകളുടെയും സർവ്വകലാശാലായൂനിയന്റെയും ജനാധിപത്യപരമായ രൂപീകരണവും, സ്വാതന്ത്ര്യവും സമ്പൂർണ്ണവുമായ പ്രവർത്തനവും ഈ ലക്ഷ്യപ്രാപ്തിക്ക് വളരെയേറെ സഹായകരമാണ്.

വിദ്യാർത്ഥിക്ക് ഇഷ്ടമുള്ള ഭാഷയിലൂടെ വിദ്യാഭ്യാസം ചെയ്യാനുള്ള സ്വാതന്ത്ര്യം വേണം. ഇംഗ്ലീഷോ, പ്രാദേശിക ഭാഷയോ തിരഞ്ഞെടുക്കാനുള്ള അവസരം നൽകണം. കലാശാലകളുടെ ഭരണരംഗത്ത് വിദ്യാർത്ഥികൾക്കു കൂടി സ്ഥാനം നൽകണം. വികേന്ദ്രീകരണപരമായ ഒരു ഭരണരീതി സർവ്വകലാശാലാതലത്തിൽ നടപ്പാക്കണം. വിദ്യാർത്ഥികളുടെ കേസുകളിൽ വിധികല്പിക്കാനുള്ള സ്വാതന്ത്ര്യം വിദ്യാർത്ഥികളും അദ്ധ്യാപകരും അടങ്ങുന്ന ഒരു കോടതിക്കായിരിക്കണം.

ഏതു് കാര്യത്തെക്കുറിച്ചും ചർച്ചചെയ്യാനുള്ള വേദിയായിരിക്കണം കലാലയങ്ങൾ. രാഷ്ട്രീയ പ്രശ്നങ്ങൾ ചർച്ചചെയ്യാൻവരെ കലാശാലായൂനിയനുകൾക്കു സ്വാതന്ത്ര്യമുണ്ടാവണം. സജീവ രാഷ്ട്രീയത്തിൽ വിദ്യാർത്ഥികളിറങ്ങുന്നതു് അത്രമാത്രം ഗുണകരമല്ലെങ്കിലും, രാഷ്ട്രീയ പ്രശ്നങ്ങളെക്കുറിച്ച് ചിന്തിച്ചുകൂടെന്ന രീതിയിൽ, വിദ്യാർത്ഥിക്ക് രാഷ്ട്രീയകാര്യങ്ങളുമായി അയിത്തം കല്പിക്കേണ്ട യാതൊരാവശ്യവുമില്ല.

സംഹാരാത്മകമായ സമരങ്ങളിൽനിന്നൊഴിഞ്ഞുനില്ക്കേണ്ടതു് വിദ്യാർത്ഥിയുടെ കടമയാണ്. പക്ഷെ സമാധാനപരവും, വ്യവസ്ഥാപിതവുമായ രീതിയിൽ അവകാശങ്ങൾക്കുവേണ്ടി സമരം ചെയ്യേണ്ടതു് വിദ്യാർത്ഥിവർഗ്ഗത്തിന്റെ ഒരാവശ്യംകൂടിയാണ്.

വിദ്യാഭ്യാസംകൊണ്ടു് വിദ്യാർത്ഥിയിൽ ജനാധിപത്യബോധവും ദേശീയവീക്ഷണവും പൌരബോധവുമുണ്ടാക്കാൻ സാധിക്കണം. വിവിധമതങ്ങളെക്കുറിച്ച് താരതമ്യപഠനം നടത്താനുള്ള അവസരവും കലാശാലക്കകത്തു ലഭ്യമാവണം. മതപഠനക്ലാസ്സുകൾവഴി ധാർമ്മികബോധമുണ്ടാക്കാൻ സാധിക്കണം.

വിദ്യാർത്ഥിയെ കൂടുതൽ ഉത്തരവാദിത്വമേല്പിക്കാനുള്ള ധീരതകാണിക്കുക, നോട്സും, ഗൈഡും മാത്രംകൊണ്ടു് പാസ്സാവുന്ന സമ്പ്രദായം നിറുത്തുക, 34കാരൻ തോല്ക്കുന്നതും 35കാരൻ ജയിക്കുന്നതുമായ പഴകിപ്പൂത്ത പരീക്ഷാസമ്പ്രദായം അവസാനിപ്പിക്കുക, ഒരുമിച്ചുള്ള വിഷയങ്ങൾ മാത്രം പഠിക്കാനവസരം നല്കുക, പഠനസമയത്തുതന്നെ ലൈബ്രറികളിലിരുന്നു് നോട്സ് സ്വയം എഴുതിയെടുക്കാൻ വിദ്യാർത്ഥിക്കു് കഴിവു് നല്കുക, കോളേജ് യൂനിയൻ സംഘടിപ്പിക്കുന്ന ചർച്ചകളിലൂടെ പഠനം നടത്തുന്ന സമ്പ്രദായം ഏർപ്പെടുത്തുക, പാഠ്യേതര പ്രവർത്തനങ്ങൾക്ക് സെഷനൽ മാർക്ക് നല്കുക സർവ്വകലാശാലാഭരണം വികേന്ദ്രീകരിക്കുക തുടങ്ങിയ കാര്യങ്ങൾ നടപ്പാക്കുകയാണ് പുരോഗമനസ്വഭാവമുള്ള ഒരു കലാശാലാ വിദ്യാഭ്യാസം ആഗ്രഹിക്കുന്നവർ ചെയ്യേണ്ടതു്. അത്തരം ഒരു സമ്പ്രദായത്തിൽ വിദ്യാർത്ഥിയുടെ പങ്ക് പരമപ്രധാനവുമാണ്. വിദ്യാഭ്യാസരംഗത്തെ, പ്രധാന ഘടകം എന്നും വിദ്യാർത്ഥി മാത്രമാണെന്നതു് ചോദ്യം ചെയ്യാനൊക്കാത്ത ഒരു വസ്തുതയാണ്......ഈ വഴിക്കുള്ള ഏതു് ചലനത്തെയും നമുക്കാത്മാർത്ഥമായി സ്വാഗതം ചെയ്യാം.

കെ. പി. കുഞ്ഞിമുഹമ്മദ്, I–B. A.

ഇന്നു് കലാലയാന്തരീക്ഷത്തിലേക്കു് ശ്രദ്ധിക്കുന്ന ഏതൊരാളുടെയും ദൃഷ്ടിക്കു് പാത്രമാവുന്നതു് രണ്ടു വിഭാഗം വിദ്യാർത്ഥികളാണു്. പുസ്തകങ്ങളെ മാത്രം കൂട്ടുകാരായി സ്വീകരിച്ചു് പുസ്തകങ്ങളുടെ ലോകത്തു് ജീവിക്കുന്ന ഒരു വിഭാഗം. രാഷ്ട്രീയത്തിന്റെയും ഫാഷന്റെയും പിന്നാലെ ഓടി സ്വന്തം കർത്തവ്യങ്ങളെ അഗണ്യകോടിയിൽ തള്ളിക്കൊണ്ടു് ജീവിക്കുന്ന മറ്റൊരു വിഭാഗം. ഒന്നാമത്തെ വിഭാഗം സമൂഹത്തിൽ പരാജയത്തിനു പാത്രീഭൂതരാവുമ്പോൾ രണ്ടാമത്തെ വിഭാഗം നാട്ടിനും വീട്ടിനും ഒരു ഭാരമായി രൂപാന്തരപ്പെടുന്നു.

സരസ്വതീക്ഷേത്രങ്ങൾ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം മനസ്സിലാക്കാത്ത ഒരു വിഭാഗം യുവാക്കളുടെ കൂത്തരങ്ങുകളായി മാറിയിരിക്കുന്നു. വിദ്യാഭ്യാസം മനുഷ്യമനസ്സിനെ സംസ്കരിക്കാനുള്ള ഉപാധിയാണെന്ന ഏമേഴ്സന്റെയും അരിസ്റ്റോട്ടിലിന്റെയും വചനങ്ങൾ ആധുനികലോകം വിസ്മരിച്ചിരിക്കുന്നു. കലാലയങ്ങൾ കലാപസങ്കേതങ്ങളും ഫേഷനുകളുടെ ഉറവിടവുമായി താണിരിക്കുന്ന ഒരു ചുറ്റുപാടിലാണു് നാമിന്നു നിലകൊള്ളുന്നതു്.

സ്കൂൾവിദ്യാഭ്യാസത്തിനുശേഷം എണ്ണിയാലൊടുങ്ങാത്ത പ്രതീക്ഷകളും അഭിലാഷങ്ങളുമായി വിജ്ഞാനത്തിനുവേണ്ടി ദാഹിക്കുന്ന ഹൃദയങ്ങളുമായി കലാലയങ്ങളിലേക്കു വരുന്ന വിദ്യാർത്ഥിസമൂഹം കുറച്ചു വർഷങ്ങൾക്കുശേഷം കലാലയങ്ങൾ വിട്ടു പുറത്തിറങ്ങുന്നതു തികച്ചും സംതൃപ്തിയടഞ്ഞ ഹൃദയങ്ങളുമായാണോ എന്ന പ്രശ്നം ഇവിടെ ഉത്ഭവിക്കുന്നു.

കലാലയജീവിതം ഫലപ്രദമാക്കുന്നതിൽ വിദ്യാർത്ഥിക്കു സംഭവിക്കുന്ന പരാജയങ്ങൾക്കു ഏറ്റവും വലിയ ഉത്തരവാദി അവൻതന്നെയാണെന്നു് അധികമൊന്നും അന്വേഷിച്ചലയാതെതന്നെ മനസ്സിലാക്കാൻ കഴിയുന്ന ഒരു യാഥാർത്ഥ്യമാണു്. ഈ പരാജയത്തിനുള്ള കാരണക്കാരായി അധികൃതരെയും ഭരണകർത്താക്കളെയും കുറ്റപ്പെടുത്താനുള്ള പ്രേരണ തികഞ്ഞ ഉത്തരവാദിത്വമില്ലായ്മയിൽനിന്നും അലസതയിൽനിന്നും ഉത്തിരിയുന്ന ഒരു വികാരമാണു്. കോളേജുവിദ്യാഭ്യാസം ഫലപ്രദമാക്കുന്നതിൽ താഴെ പറയുന്ന കാര്യങ്ങൾ സഹായിക്കുമെന്നതിൽ സംശയമില്ല.

തികഞ്ഞ ഉത്തരവാദിത്വബോധം വിദ്യാർത്ഥികളിൽ നിഴലിക്കണം. കൂടുതൽ കൂടുതൽ ജ്ഞാനം കരസ്ഥമാക്കാനുള്ള ശ്രമങ്ങളിൽ വ്യാപൃതരാവണം. ക്ലാസ്സിൽനിന്നും പാഠപുസ്തകങ്ങളിൽനിന്നും കിട്ടുന്ന ജ്ഞാനത്തെ മാത്രം ആശ്രയിക്കുന്ന സ്വഭാവം മതിയാക്കി ലൈബ്രറികൾ ഉപയോഗപ്പെടുത്താൻ ശ്രമിക്കണം. കൂടുതൽ ജ്ഞാനം കരസ്ഥമാക്കാനുള്ള പ്രേരകശക്തി എപ്പോഴും വിദ്യാർത്ഥികളിൽ ഉണ്ടാവണം.

പക്ഷെ പുസ്തകങ്ങളുടെയും ലൈബ്രറികളുടെയും ലോകത്തുമാത്രം ജീവിക്കുന്ന ഒരു വിദ്യാർത്ഥിയുടെ കലാലയജീവിതോദ്ദേശ്യം സഫലമായി എന്നു ധരിക്കുന്നതു് തികച്ചും തെറ്റാണു്. മനുഷ്യരെല്ലാം പ്രകൃതിദത്തമായ പല കഴിവുകളാലും അനുഗ്രഹീതരാണു്. ഇത്തരം കഴിവുകളെ വികസിപ്പിക്കുവാനുള്ള ഏറ്റവും വലിയ അവസരമാണു് കലാലയജീവിതം. ചിലർക്കു് കായിക വിനോദങ്ങളിലും മറ്റു ചിലർക്കു സാഹിത്യകലാരംഗങ്ങളിലുമായിരിക്കും കൂടുതൽ താല്പര്യം. ഇത്തരത്തിലുള്ള കഴിവുകളെ ഉദ്ദീപിപ്പിക്കാനുള്ള അവസരങ്ങൾ സൃഷ്ടിക്കുകയും അവയെ ശരിക്കു ഉപയോഗിക്കുകയുംവേണം.

ടി. വി. ബാലൻ, I-B.A.

നമ്മുടെ വിദ്യാഭ്യാസം ദേശീയ വികസനത്തിന്റെ ആവശ്യങ്ങൾക്ക് തീരെ യോജിക്കാത്ത നിലയിൽ തരംതാണുപോയിരിക്കുന്നു. വിദ്യാർത്ഥികളെ തൊഴിലില്ലാത്തവരാക്കി നരകിപ്പിക്കുന്നതിന് മാത്രമേ ഇന്നത്തെ വിദ്യാഭ്യാസം ഉപകരിക്കുന്നുള്ളുവെന്ന് വർഷംചെല്ലുന്തോറും കൂടുതൽ കൂടുതൽ വ്യക്തമായിക്കൊണ്ടിരിക്കുന്നു. സ്വയം ചിന്തിക്കുവാനുള്ള അവകാശം വിദ്യാർത്ഥികൾക്ക് നല്കുന്നില്ല എന്നുള്ളതാണ് ഇന്നത്തെ വിദ്യാഭ്യാസത്തിന്റെ പ്രധാന ന്യൂനത. ഇന്ന് വിദ്യാഭ്യാസരംഗത്ത് അസ്വാസ്ഥത നടമാടുകയാണ്. ഇതിനുള്ള പ്രധാന കാരണങ്ങൾ വിദ്യാഭ്യാസരംഗത്ത് നടമാടുന്ന അധികാരപ്രമത്തതയും, അഴിമതികളും, ദുർവൃത്തികളും, മലീമസമായ അന്തരീക്ഷവുമാണ്. ഇതിന്നെതിരായി നടക്കുന്ന സമരങ്ങളാണ് വിദ്യാഭ്യാസരംഗത്തെ സംഘട്ടനങ്ങൾ. ചുരുക്കത്തിൽ ഇന്നത്തെ വിദ്യാഭ്യാസം ആർക്കും ഉപകരിക്കുന്നില്ല.

ഇന്നത്തെ, അടിത്തറ തകർന്ന വിദ്യാഭ്യാസരീതി പാടേ മാറ്റണം. അതിന്നായി വിദ്യാർത്ഥികൾ നിരന്തരമായ സമരം ചെയ്യണം. വർഷംതോറും കുറേ ഡിഗ്രിക്കാരെ വാർത്തെടുക്കുന്ന ദുഷിച്ചുനാറിയ വിദ്യാഭ്യാസവ്യവസ്ഥയെ അതേപടി കാത്തുസൂക്ഷിക്കുവാനാണ് അധികൃതർ ശ്രമിക്കുന്നത്. പഴയ വ്യവസ്ഥ തുടരുന്നതുകൊണ്ട് സ്ഥിതിഗതികൾ കൂടുതൽ വഷളാവുകമാത്രമേ ചെയ്യൂ. അതുകൊണ്ട് തൊഴിലിലധിഷ്ഠിതമായ ഒരു വിദ്യാഭ്യാസസമ്പ്രദായം നടപ്പിലാക്കുവാൻ വിദ്യാർത്ഥികൾ ഗണ്യമായ പങ്കുവഹിക്കേണ്ടതുണ്ട്. ശാസ്ത്രീയമായ ഒരു പുതിയ വിദ്യാഭ്യാസ പദ്ധതിക്കുവേണ്ടി എല്ലാ വിദ്യാർത്ഥികളും ഉത്സാഹിക്കുക എന്നുള്ളതാണ് വിദ്യാഭ്യാസം ഫലപ്രദമാക്കുന്നതിൽ ഏതൊരു വിദ്യാർത്ഥിയുടെയും പ്രഥമവും പ്രധാനവുമായ കടമ.

വിദ്യാഭ്യാസരംഗത്ത് സമൂലമായ ഒരു പരിവർത്തനം സൃഷ്ടിക്കണമെങ്കിൽ വിദ്യാർത്ഥികളിൽ തികഞ്ഞ അച്ചടക്കബോധം അനിവാര്യമാണ്. നാളെയുടെ വാഗ്ദാനങ്ങളായ വിദ്യാർത്ഥികളിൽ അച്ചടക്കത്തിന്റെ അടിത്തറ ഒരിക്കലും നശിക്കുവാൻ പാടില്ല. അതുപോലെതന്നെ അദ്ധ്യാപകവിദ്യാർത്ഥിബന്ധം ദൃഢപ്പെടുത്തേണ്ടതും അനിവാര്യമാണ്. സ്വഭാവരൂപീകരണത്തിൽ ഓരോ വിദ്യാർത്ഥിയും പ്രത്യേകം ശ്രദ്ധപതിപ്പിക്കേണ്ടതുണ്ട്.

സ്വയം പഠനം, നിരൂപണബുദ്ധി, നിസ്വാർത്ഥ സേവനപ്രവർത്തനരംഗം മുതലായവക്ക് വിദ്യാർത്ഥിജീവിതത്തിൽ പ്രാധാന്യം കല്പിക്കണം. കലാരംഗം-ചർച്ചകൾ, വാദപ്രതിവാദങ്ങൾ, സെമിനാറുകൾ തുടങ്ങിയ ശരിയായ ബോധനത്തിന്റെ അവിഭാജ്യഘടകങ്ങളായ എല്ലാ പരിപാടികളും വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് വിദ്യാലയങ്ങളിൽ സംഘടിപ്പിക്കണം.

കോളേജ് കൗൺസിലിൽ വിദ്യാർത്ഥികൾക്ക് ശരിയായ പങ്കുവേണം. എങ്കിൽമാത്രമെ വിഭ്യാർത്ഥിപ്രശ്നങ്ങൾക്ക് ശരിയായ പരിഹാരങ്ങൾ കാണാൻകഴിയൂ.

*കെ. വി. അബ്ദുൽറഫീഖ്, I-B.A.*

കോളേജ് വിദ്യാഭ്യാസം ഫലപ്രദമാകുന്നതിൽ അധികഭാഗവും വിദ്യാർത്ഥികളുടെ സഹകരണം അത്യാവശ്യമാണ്. വിദ്യാർത്ഥികൾ എന്ന് പറയുന്നത് കലാലയത്തിൽ അതിപ്രധാനമായ ഒരു ഘടകമാണ്. ഒരു കോളേജിന്റെ ഉയർച്ചയിലും താഴ്ചയിലും ഓരോ വിദ്യാർത്ഥിയും പ്രധാനമായ പങ്ക് വഹിക്കുന്നുണ്ട്. ഒരു കോളേജിന് നല്ല പ്രശസ്തി നേടിയെടുക്കുവാൻ അത്ര പെട്ടെന്ന് സാധിക്കുന്നില്ല. എന്നാൽ കുപ്രസിദ്ധി നേടുവാൻ വളരെ എളുപ്പമാണ്. പ്രസിദ്ധിയും കുപ്രസിദ്ധിയുമെല്ലാം വിദ്യാർത്ഥികളുടെ കരങ്ങളിലാണ്.

ഇന്നത്തെ വിദ്യാർത്ഥികളുടെ കോളേജ് വിദ്യാഭ്യാസം ഫലപ്രദമാകാതിരിക്കുവാനുള്ള സാഹചര്യങ്ങൾ എന്തെന്ന് വസ്തുനിഷ്ഠമായൊരു പരിശോധന നടത്തുന്നത് ഇത്തരുണത്തിൽ അനുചിതമാകുകയില്ലല്ലോ. ഇതിന്ന് പ്രഥമവും പ്രധാനവുമായ കാരണം ഇന്നത്തെ വിദ്യാർത്ഥിക്ക് വ്യക്തമായ ലക്ഷ്യമോ ഭാവിയിൽ വിശ്വാസമോ ഇല്ലെന്നുള്ളതുതന്നെ. ഇത് ഏറെക്കുറെ ഈ കാലഘട്ടത്തിന്റെ പ്രത്യേകതയുമാണ്. സ്വാതന്ത്ര്യലബ്ധിക്കുമുമ്പ്, ഇവിടത്തെ വിദ്യാർത്ഥി മാത്രമല്ല ഓരോ പൗരനും പെററമ്മയുടെ ചങ്ങലക്കെട്ടുകൾ പൊട്ടിച്ച് അവളെ സ്വതന്ത്ര്യയാക്കുക എന്ന പരമപാവനമായ ലക്ഷ്യത്തിൽ നിതരാം വ്യാപൃതരായിരുന്നു. നമ്മുടെ ഓരോ പ്രവൃത്തിയും ആ അന്തിമലക്ഷ്യത്തിന്റെ ഓരോ വശങ്ങളായിരുന്നു. എന്നാൽ ഇന്നോ? ചിരകാലപ്രതീക്ഷിതമായ സ്വാതന്ത്ര്യം കൈവന്നു; നാമെല്ലാം ഈ നാട്ടിന്റെ പുനർനിർമ്മാണത്തിൽ ദത്തചിത്തരാണ്— എന്ന് ചിലർ പറഞ്ഞേക്കാം. പക്ഷെ ആ നിർമ്മാണപ്രക്രിയ തങ്ങളെ സംബന്ധിച്ചിടത്തോളം അപ്രസക്തമാണ് എന്ന് ഇന്നത്തെ ഭൂരിപക്ഷം വിദ്യാർത്ഥികളും ധരിച്ച് വശായിരിക്കുകയാണെന്നതാണ് സത്യം. ഈ കുററാരോപണത്തിന്റെ കുരിശ് വിദ്യാർത്ഥിയുടെ ചുമലിൽമാത്രം കെട്ടിവെയ്ക്കേണ്ടതല്ല. സമുദായം അനേകം കണ്ണികൾ കോർത്തുണ്ടാക്കിയ ഒരു ശൃംഖലയാണ്. അതിന്റെ ഒരു ഭാഗത്തു സംഭവിക്കുന്ന ചലനം മറുഭാഗത്തേയും ബാധിക്കുന്നുണ്ടെങ്കിൽ അത് സ്വാഭാവികമത്രെ. മറെറാരു തരത്തിൽപ്പറഞ്ഞാൽ ഇന്ന് സമുദായശരീരത്തെ മുഴുവൻ വിഴുങ്ങിക്കളഞ്ഞിരിക്കുന്ന നിരാശതാബോധവും ഭാവിയെക്കുറിച്ചുള്ള അനിശ്ചിതത്വവും വിദ്യാർത്ഥികളെ മാത്രം വെറുതെവിട്ടെങ്കിൽ മാത്രമെ അത്ഭുതപ്പെടേണ്ടതായുള്ളു. ഇനിയും മറെറാരു കാരണം, ഒരു കാലത്ത് വിദ്യാർത്ഥിലോകത്തിന്റെ ഭദ്രത കാത്തുസൂക്ഷിക്കുന്നതിൽ വലിയൊരു പങ്ക് വഹിച്ചതും ഇന്ന് തത്വത്തിൽ മാത്രം അവശേഷിക്കുന്നതുമായ ആദ്ധ്യാത്മികബോധത്തിന്റെ അഭാവമാണെന്ന് അനുമാനിക്കുന്നതിൽ തെററില്ലെന്ന് തോന്നുന്നു. ആദ്ധ്യാത്മികബോധമെന്ന് കേൾക്കുന്ന മാത്രയിൽ നെററിചുളിക്കുകയോ പുച്ഛിച്ചുതള്ളുകയോ ചെയ്യുന്നത് ശരിയല്ല. ചിലപ്രത്യേക കാരണങ്ങളാൽ ആദ്ധ്യാത്മികചിന്താഗതി അനഭിലഷണീയമാണെന്ന് അധുനാതനർക്ക് തോന്നാനിടയുണ്ടെങ്കിലും ആത്യന്തികവിശകലനത്തിൽ ഇന്ന് പടർന്നുപിടിച്ചിട്ടുള്ള ഈ പ്രവണതകളെ അടക്കിനിർത്തുന്നതിന്ന് ഒട്ടുവളരെ സഹായകമാണ് അതെന്ന് കാണാം. ഇനിയും പല കാരണങ്ങളും വിദ്യാർത്ഥിലോകത്തിലെ വിനകൾ വിത്തുപാകിയവയായിട്ടുണ്ടെങ്കിലും ഇത്രയും അടിയന്തിരശ്രദ്ധയും പരിഹാരവും അർഹിക്കുന്നവ വേറെയില്ല.

കാരണങ്ങളെ സസൂക്ഷ്മം നിരീക്ഷണം ചെയ്യുന്ന ഒരാൾക്ക് ഇവയ്ക്കുള്ള താത്വികപരിഹാരമാർഗ്ഗങ്ങളും എളുപ്പം നിർദ്ദേശിക്കാവുന്നതേയുള്ളുവെങ്കിലും പ്രായോഗിക നിലവാരത്തിൽ അവയ്ക്കുള്ള പ്രസക്തിയും പരിഗണിക്കപ്പെടേണ്ടതാണ്. ഒന്നാമതായി നിരാശയും വ്യർത്ഥതാബോധവും ബാലമനസ്സുകളിൽനിന്നു തുടച്ചുനീക്കി തൽസ്ഥാനത്ത് ആശയും വിശ്വാസവും സ്ഥാപിക്കുകയാണ് വേണ്ടത്. മതപരവും ആദ്ധ്യാത്മികവുമായ മണ്ഡലങ്ങളിൽ കുട്ടികൾക്ക് ആധുനികത്വത്തിനുസരണമായ വിദ്യാഭ്യാസം നല്കുക, ഗുരു-ശിഷ്യബന്ധം ശക്തിപ്പെടുത്തുവാൻ വിദ്യാഭ്യാസ പദ്ധതിയിൽ ആവശ്യമായ മാററങ്ങൾ വരുത്തുക, രക്ഷാകർത്താക്കളും അദ്ധ്യാപകരും തമ്മിലുള്ള ബന്ധം പൂർവ്വാധികം പ്രബലപ്പെടുത്തുക.